...SHED
02/12/21....
24/11/2021


**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**
**ഫോൺ: 0471 2335199, ഫാക്സ്: 0471 2330920**
**E-mail: sic@kerala.nic.in**


**ഹർജി നമ്പർ CP No. 438(6)/2021/എസ്.ഐ.സി.**

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.10143/എസ്.ഐ.സി-ജി 5/2021**

**സന്നിഹിതൻ**

**അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**അഡ്വ. ചാത്തന്നൂർ എൻ.ജയചന്ദ്രൻ,**
**അഡ്വക്കേറ്റ് ഓഫീസ്,**
**കാരംകോട് പി.ഒ,**
**കൊല്ലം – 691 579.** } **പരാതി ഹർജിക്കാരൻ**

**Vs.**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &**
**സബ് രജിസ്ട്രാർ,**
**സബ് രജിസ്ട്രാർ ഓഫീസ്,**
**ചാത്തന്നൂർ** } **എതിർകക്ഷി**

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 29/06/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | -- |
| കമ്മീഷനിൽ പരാതിഹർജി നൽകിയ തീയതി | 01/09/2021 |
| കമ്മീഷനിൽ പരാതിഹർജി ലഭ്യമായ തീയതി | 02/09/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23/09/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭ്യമായ തീയതി | 07/10/2021, 16/11/2021 |
| ഹിയറിംഗ് തീയതി & സ്ഥലം | 16/11/2021<br>ഗസ്റ്റ് ഹൗസ് ആശ്രമം,<br>കൊല്ലം |
| ഹിയറിംഗിലെ സാന്നിധ്യം :<br>പരാതി ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ | <br>ഹാജരായില്ല<br>ഹാജരായി |

## ഉത്തരവ്

പരാതി ഹർജിക്കാരനായ അഡ്വ. ചാത്തന്നൂർ എൻ.ജയചന്ദ്രൻ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച പരാതി ഹർജിയിൽ ബോധിപ്പിച്ചത്, ടിയാളുടെ വിവരാവകാശ അപേക്ഷയ്ക്ക് എതിർകക്ഷി നാളിതുവരെ മറുപടിയൊന്നും ലഭ്യമാക്കിയില്ലെന്നും മറുപടി നൽകുന്നതിന് കാലതാമസം വരുത്തിയ എതിർകക്ഷിക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കണമെന്നുമാണ്.

2. പരാതി ഹർജിക്കാരൻ എതിർകക്ഷി മുമ്പാകെ 29.06.2021 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്, ചാത്തന്നൂർ സബ് രജിസ്ട്രാർ ഓഫീസ് പരിധിയിലുള്ള മീനാട് വില്ലേജിൽ ബ്ലോക്ക് 31 ൽ പെട്ട വസ്തുവകകളിൽ 2019, 2020, 2021 വർഷങ്ങളിൽ ഏറ്റവും ഉയർന്ന വിലയ്ക്ക് വിറ്റ് ടി ഓഫീസിൽ രജിസ്റ്റർ ചെയ്ത 10 ആധാരങ്ങളുടെ സർവ്വേ നമ്പറുകളും വിലയും ആധാരത്തിന്റെ വാല്യം നമ്പറും ആണ്.

3. പരാതി ഹർജിക്കാരന്റെ 29.06.2021 ലെ അപേക്ഷയ്ക്ക് എതിർകക്ഷി മറുപടി നൽകിയതായി കാണുന്നില്ല.

4. എതിർകക്ഷി കമ്മീഷൻ മുമ്പാകെ 30.09.2021 തീയതി വച്ച് സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, പരാതിക്കാരന്റെ 29.06.2021 ലെ അപേക്ഷയ്ക്ക് 06.07.2021 തീയതി രേഖപ്പെടുത്തിയ മറുപടി 15.07.2021 ൽ അയച്ചു നൽകിയിട്ടുള്ളതാണെന്നും ആയത് തെളിയിക്കുന്നതിന് മറുപടിയുടേയും ഡെസ്പാച്ച് രജിസ്റ്ററിലെ പ്രസ്തുത ഭാഗത്തിന്റെ പകർപ്പും റിപ്പോർട്ടിനൊപ്പം ഉൾക്കൊള്ളിക്കുന്നതായി രേഖപ്പെടുത്തിയിരിക്കുന്നു.

5. 16.11.2021 ൽ ഹിയറിംഗ് വേളയിൽ എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, പരാതിക്കാരൻ ആവശ്യപ്പെട്ട വിവരം ടി ഓഫീസിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടുള്ളവയല്ലെന്നും 3 വർഷങ്ങളിലുമായി 300 ൽ ഏറെ വാല്യങ്ങളിലായാണ് വിവരങ്ങൾ സൂക്ഷിച്ചിട്ടുള്ളതെന്നും ഇത്രയും വാല്യങ്ങൾ തിരഞ്ഞ് നോക്കി വിവരങ്ങൾ നൽകുന്നത് ദൈനംദിന ഓഫീസ് പ്രവർത്തനങ്ങളെ ബാധിക്കുന്നതിനാൽ ഓഫീസിൽ നേരിട്ട് ചെന്ന് നിശ്ചിത ഫീസ് ഒടുക്കി തിരഞ്ഞ് നോക്കി വിവരങ്ങൾ അറിയാവുന്നതാണെന്ന് അറിയിച്ചുകൊണ്ട് 15.07.2021 ൽ സാധാരണ തപാലിൽ മറുപടി നൽകിയിട്ടുള്ളതാണെന്നാണ്.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ പരാതിക്കാരൻ ആവശ്യപ്പെട്ട വിവരം ലഭ്യമാക്കിയതായി കാണുന്നില്ല. 16.11.2021 ൽ കമ്മീഷൻ കൊല്ലം ഗസ്റ്റ് ഹൗസിൽ വച്ച് നടത്തിയ ഹിയറിംഗിൽ പരാതിക്കാരൻ പങ്കെടുക്കുകയോ, പങ്കെടുക്കാതിരുന്നതിനുള്ള കാരണമോ അറിയിച്ചിരുന്നില്ല. എതിർകക്ഷി ഹിയറിംഗിൽ പങ്കെടുത്ത് മൊഴി നൽകിയിട്ടുള്ളതാണ്. പരാതിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് 15.07.2021 ൽ മറുപടി നൽകിയിട്ടുള്ളതായി എതിർകക്ഷിയുടെ 30.09.2021, 16.11.2021 തീയതികളിലെ റിപ്പോർട്ടിലും ടിയാന്റെ മൊഴിയിലും പറയുന്നു. വിവരാവകാശ അപേക്ഷയിൽ ഉന്നയിച്ച വിഷയങ്ങൾക്ക് മറുപടി ലഭ്യമായില്ലെന്നു കാണിച്ചാണ് പരാതിക്കാരൻ കമ്മീഷനിൽ അപ്പീൽ സമർപ്പിച്ചിരിക്കുന്നത്. ആയതിനാൽ ഒരു ഓഫീസ് സൂപ്രണ്ടിന്റെ മേൽനോട്ടത്തിൽ പ്രത്യേക ടീമിനെ നിയോഗിച്ച് തിരച്ചിൽ നടത്തി പരാതിക്കാരൻ ആവശ്യപ്പെട്ട വിവരങ്ങൾ ഈ ഉത്തരവ് ലഭിച്ച് 30 ദിവസങ്ങൾക്കകം കണ്ടെത്തി ടിയാന് നൽകേണ്ടതാണെന്നും ആ വിവരം കമ്മീഷനിൽ രേഖാമൂലം അറിയിക്കേണ്ടതാണെന്നും എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ പരാതി ഹർജി ഇന്നേ ദിവസം 2021 നവംബർ മാസം 24-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)

**അഡ്വ.എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm